## പതിമൂന്നാം കേരള നിയമസഭ

## നാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 830** **8.3.2012-ൽ മറുപടിക്ക്.**

## ദശകം പദ്ധതി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.പി.സി . വിഷ്ണുനാഥ്:<br>ശ്രീ. എം. എ.വാഹീദ്:<br>ശ്രീ. ഷാഫി പറമ്പിൽ:<br>ശ്രീ.കെ. ശിവദാസൻ നായർ: | | ശ്രീ. വി. എസ്. ശിവകുമാർ<br>(ഗതാഗതവും ദേവസ്വവും വകുപ്പു മന്ത്രി) | |
| (എ) | 2011-2020 - റോഡ് സുരക്ഷാപ്രവർത്തനങ്ങളുടെ ദശകം പദ്ധതിയുടെ ഭാഗമായി എന്തെല്ലാം കർമ്മപദ്ധതികളാണ് നടപ്പാക്കാൻ ഉദ്ദേശിക്കുന്നത്; | (എ) | 2015 -ഓടെ റോഡപകടങ്ങളിൽ 50% കുറവുവരുത്തുകയാണ് ദശകം പദ്ധതിയുടെ പ്രധാന ലക്ഷ്യം. ഇതിനായി മന്ത്രിമാർ, എം.പി മാർ, എം.എൽ.എ മാർ, തദ്ദേശസ്വയംഭരണ പ്രവർത്തകർ, മാധ്യമപ്രവർത്തകർ, മുതിർന്ന ഉദ്യോഗസ്ഥർ, നീതിന്യായ അധികാരികൾ, അധ്യാപകർ, മറ്റുദ്യോഗസ്ഥർ, വിദ്യാർത്ഥികൾ, ഡ്രൈവർമാർ, വ്യാപാരികൾ, പൊതുജനം മുതലായ എല്ലാവർക്കും റോഡ് സുരക്ഷാ ബോധവത്ക്കരണം നടത്താനുദ്ദേശിക്കുന്നു. ഇതിനായി ഷോർട്ട് ഫിലിമുകൾ, റ്റി.വി പരിപാടികൾ , സെമിനാറുകൾ, സിംമ്പോസിയം, കോൺഫറൻസുകൾ, സംവാദം മുതലായവ നടപ്പിലാക്കാനുദ്ദേശിക്കുന്നു. പോലീസ്, മോട്ടോർ വാഹന, പൊതുമരാമത്ത് , ആരോഗ്യ വകുപ്പുകളിലെ പ്രൊഫഷണലുകൾ, അദ്ധ്യാപകർ എന്നിവർക്ക് രണ്ടാഴ്ച നീളുന്ന പരിശീലന പരിപാടികൾ, ഡ്രൈവിംഗ് ഇൻസ്ട്രക്ടർമാർക്കുള്ള പരിശീലന പരിപാടികൾ, ഡ്രൈവർമാർക്കുള്ള പരിശീലന |

| | | | |
|---|---|---|---|
| | | | പരിപാടികൾ, എന്നിവയും പ്രഖ്യാപിത കർമ്മ പദ്ധതികളിൽ പെടുന്നു. വിദ്യാർത്ഥികളെ ഉൾപ്പെടുത്തിയുള്ള റോഡ് സുരക്ഷാ ബോധവൽക്കരണ പരിപാടികൾ, രക്ഷകർത്താക്കൾക്കുള്ള ബോധവൽ ക്കരണപരിപാടികൾ, സീറ്റ്ബെൽറ്റ് ഉപയോഗം തുടങ്ങിയവയിലുള്ള ബോധവൽക്കരണം, മദ്യപിച്ചും, മൊബൈൽ ഫോൺ ഉപയോഗിച്ചും വാഹനം ഓടിക്കുന്നതിനെതിരെയുള്ള പ്രചാരണ പരിപാടികൾ അമിത വേഗതയിൽ വാഹനം ഓടിക്കുന്നതി നെതിരെയുള്ള ബോധവൽക്കരണം എന്നിവയും കർമ്മപദ്ധതിയിൽ ഉൾപ്പെടുന്നു. ഇവ കൂടാതെ, അപകട നിവാരണ പരിപാടി, സന്നദ്ധ പ്രവർത്തകർക്കുള്ള പരിശീലനം , ഓട്ടോമേഷന്റെ ഉപയോഗം അപകടങ്ങൾ സംബന്ധിച്ച വിവര ശേഖരണം എന്നിവ്യും കർമ്മ പദ്ധതികളിൽപ്പെടുന്നു.<br>കേരള റോഡ് സുരക്ഷാ അതോറിറ്റി മോട്ടോർവെഹിക്കിൾ ഡിപ്പാർട്ടുമെന്റിൽ റോഡ് സുരക്ഷാ ബോധവൽക്കരണ ത്തിനും വിവിധ റോഡ് സുരക്ഷ പ്രവർത്തനത്തിനും 15,64,99,152/- രൂപ (പതിനഞ്ച് കോടി അറുപത്തിനാല് ലക്ഷത്തി തൊണ്ണൂറ്റിഒൻപതിനായിരത്തി ഒരുന്നൂറ്റി അൻപത്തി രണ്ടു രൂപ മാത്രം) നല്കിയിട്ടുണ്ട്. മോട്ടോർ വാഹന വകുപ്പിന് കീഴിൽ ബോധവൽക്കരണ പരിപാടികൾ ആരംഭിച്ച് കഴിഞ്ഞു. നിയമങ്ങൾ കർശനമായി നടപ്പാക്കുക വഴി റോഡു സുരക്ഷ ഉറപ്പുവരുത്തുവാൻ ഉദ്ദേശിക്കുന്നു. |

| | | | |
|---|---|---|---|
| (ബി) | ഇതിന്റെ ഭാഗമായി ആദ്യഘട്ടത്തിൽ നടപ്പാക്കാൻ ഉദ്ദേശിക്കുന്ന കാര്യങ്ങൾ എന്തെല്ലാം; | (ബി) യും (സി) യും | ഇതിന്റെ ആദ്യഘട്ടത്തിൽ പരസ്യ പ്രചാരണം, ട്രാൻസ്പോർട്ട്/ നോൺ ട്രാൻസ്പോർട്ട് വിഭാഗങ്ങളിലെ ഡ്രൈവർമാർ, വിദ്യാർത്ഥികൾ, അധ്യാപകർ എന്നിവർക്ക് പരിശീലനം എന്നിവ നടത്തി വരുന്നു. കൂടാതെ എൻഫോഴ്സ്മെന്റിന്റെ ആധുനിക വൽക്കരണത്തിനാവശ്യമായ നടപടികളും സ്വീകരിച്ചു വരുന്നു. |
| (സി) | ഇതിനായി എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്? | | |

സെക്ഷൻ ഓഫീസർ